കേരള സർക്കാർ

നം.13/ ഡി.എ 3/ 2019- തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം,തീയതി 28.01.2019.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഇടമലക്കുടി പഞ്ചായത്ത് - പദ്ധതി ആസൂത്രണ-നിർവഹണം - നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ലെ 3.9 നമ്പർ യോഗതീരുമാനം

പട്ടികവർഗ്ഗ വിഭാഗക്കാർ മാത്രം താമസിക്കുന്നതും വളരെ പിന്നാക്കം നിൽക്കുന്നതുമായ സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടി പഞ്ചായത്തിൽ പദ്ധതി ആസൂത്രണ-നിർവഹണത്തിൽ പ്രത്യേക ഇടപെടൽ നടത്തുന്നതിനായി സൂചന (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 പട്ടികവർഗ്ഗ പഞ്ചായത്തായതിനാൽ വികസനഫണ്ടിന്റെ ഉപയോഗത്തിൽ നിന്ന് പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഉത്പാദന മേഖലയുടെ കുറഞ്ഞ പരിധിയും ഒഴിവാക്കേണ്ടതാണ് എന്നാൽ വനിതാ ഘടക പദ്ധതി, കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ തുടങ്ങിയവർക്ക് മാർഗ്ഗരേഖ പ്രകാരമുള്ള കുറഞ്ഞ പരിധി പാലിക്കേണ്ടതാണ്. ഇത് 2019- 2020 വർഷത്തേയ്ക്ക് മാത്രമാണ് ബാധകം.

2 പഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ജില്ലയിൽ ഒരു പ്രത്യേക മോണിട്ടറിംഗ് സംവിധാനം ജില്ലാ കളക്ടർ ഒരുക്കേണ്ടതാണ്. ഇവർ നിശ്ചിത കാലയളവിൽ പഞ്ചായത്ത് സന്ദർശിക്കേണ്ടതും പദ്ധതി ആസൂത്രണ നിർവഹണത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തേണ്ടതുമാണ്. കൂടാതെ 6 മാസത്തിലൊരിക്കലെങ്കിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പഞ്ചായത്തിൽ ക്യാമ്പ് നടത്തേണ്ടതും , ക്യാമ്പിൽ ഉയർന്നു വരുന്ന ആവശ്യങ്ങൾ പരിഹരിക്കാൻ പ്രത്യേക ഇടപെടൽ ജില്ലാ കളക്ടർ നടത്തേണ്ടതുമാണ്. ഈ കാര്യത്തിൽ ആവശ്യമായ ഏകോപനം ജില്ലാ ആസൂത്രണസമിതി നടത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ജില്ലാ കളക്ടർ,ഇടുക്കി
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും,സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മിഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് : ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ പി എ യ്ക്ക്